**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **11-10-2024 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കായിക വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യ ഘട്ടത്തിൽ 124 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർകോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷവും കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം തുടങ്ങിയവയാണ്. "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓരോ കളിസ്ഥലങ്ങളും നിർമ്മാണം പൂർത്തിയായി ആദ്യ മൂന്ന് വർഷത്തേക്ക് കായികവകുപ്പ് പരിപാലിക്കുന്നതാണ്. ഇതിലേക്കായി ഓരോ പ്രവർത്തിയുടെയും എസ്റ്റിമേറ്റിന്റെ 3% തുക വകയിരുത്തിയിട്ടുണ്ട്. കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകുന്നതിനായി 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇസ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള വിവിധ പദ്ധതികൾ സമ്മിറ്റിൽ അവതരിപ്പിക്കുകയും ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ഇ സ്പോർട്സ് മേഖലയിൽ അടിസ്ഥാന സാകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി ഇ-സ്പോർട്സ് സെന്ററുകൾ സ്ഥാപിക്കുക, കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് നടപ്പിലാക്കുക, കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനും കൂടുതൽ അവസരം നൽകുന്നതിനായി വിവിധ അടിസ്ഥാന പരിശീലന പദ്ധതികൾ, ലീഗുകൾ എന്നിവ സംഘടിപ്പിക്കുക എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിദേശ ഏജൻസികളുമായി സഹകരിച്ച് അക്കാദമികൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും

ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ജൂഡോക്കാ - ജൂഡോ പരിശീലനത്തിനായി "ജൂഡോക്കാ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരളത്തിലെ 10 ജില്ലകളിലായി 400 കുട്ടികളെ (8 വയസ്സ മുതൽ 11 വയസ്സ് വരെ) തിരഞ്ഞെടുത്തു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൺസിൽ മുഖാന്തിരം ടി പദ്ധതി തുടർന്നു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഞ്ച് - ബോക്സിംഗ് പരിശീലനത്തിനായി "പഞ്ച്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരളത്തിലെ 5 ജില്ലകളിലായി 125 കുട്ടികളെ (8 വയസ്സ മുതൽ 16 വയസ്സ വരെ) തിരഞ്ഞെടുത്തു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൺസിൽ മുഖാന്തിരം ടി പദ്ധതി തുടർന്നു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗോൾ - 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം ഫുട്ബോൾ പരിശീലനത്തിനായി "ഗോൾ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിന് കേരളത്തിലെ 140 നിയോജക മണ്ഡലത്തിലായി 10 വയസ്സ മുതൽ 12 വയസ്സ വരെയുള്ള കുട്ടികളെ തിരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ ഹൂപ്സ് (ബാസ്കറ്റ് ബോൾ) എന്ന പദ്ധതി 2023 ജൂലൈ വരെയും, സ്പ്രിന്റ് എന്ന പദ്ധതി 2023 നവംബർ വരെയും കായിക യുവജന കാര്യാലയം നടപ്പിലാക്കി. പ്രസ്തുത പദ്ധതികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വഴി നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

2024 -25 സാമ്പത്തിക വർഷത്തിൽ വനിതാ ഹോക്കി, വനിത ഫുട്ബോൾ, വനിത നെറ്റ് ബോൾ, പുരുഷന്മാർക്കായി ഹാൻഡ് ബോൾ എന്നീ കായിക ഇനങ്ങൾക്ക് പുതുതായി താഴെ പറയുന്ന പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- എസ്.സി.എസ്.എച്ച്.എസ്.എസ്, തിരുവല്ല - വനിത ഫുട്ബോൾ, വനിത ഹോക്കി
- മോണിംഗ് സ്റ്റാർ കോളേജ്, അങ്കമാലി - വനിത നെറ്റ് ബോൾ
- എസ്.എച്ച് കോളേജ്, തേവര - പുരുഷ ഹാൻഡ് ബോൾ

കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| | **2022-23 ബഡ്ജറ്റ്** | |
| 1 | കാക്കനാട് ഹൈടെക് കോംപ്ലക്സ് കം സ്റ്റേഡിയം | 300 |
| 2 | പിരായിരി ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം (സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ) | 500 |
| | **2023-24 ബഡ്ജറ്റ്** | |
| 1 | ധർമ്മടം നിയോജകമണ്ഡലത്തിലെ വേങ്ങാട്, പിണറായി, അഞ്ചരക്കണ്ടി, ചെമ്പിലോട്, പെരളശ്ശേരി സ്ഥലങ്ങളിൽ ഗ്രൗണ്ട് നിർമ്മാണം | 500 |
| 2 | കണ്ണാടി ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം (സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ) | 500 |
| 3 | കാസർകോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 400 മീ സിന്തറ്റിക് ട്രാക്കും, ഫിറ്റ്നസ് സെന്ററും | 400 |
| 4 | തൃക്കടീരി ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണം | 50 |
| 5 | മഞ്ചപ്പാലം പുതിയ ഗ്രൗണ്ട് | 100 |
| | **2024-25 ബഡ്ജറ്റ്** | |
| 1 | വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലംപാറ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം | 50 |
| 2 | ചവറ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് നിർമ്മാണം | 99 |
| 3 | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കായിക അടിസ്ഥാനസൗകര്യങ്ങളുടെ വികസനം | 200 |
| 4 | എഴുകോൺ ഗ്രാമപഞ്ചായത്ത് കളിസ്ഥലം | 150 |
| 5 | ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം | 100 |
| 6 | ചെങ്ങന്നൂർ തിരുവൻവണ്ടൂർ എച്ച്.എസ്.എസ്-ൽ ടർഫ് നിർമ്മാണം | 100 |
| 7 | കോട്ടയം പാലാ മുനിസിപ്പൽ സ്റ്റേഡിയം നവീകരണവും, സിന്തറ്റിക് ട്രാക്കിന്റെ റീലേയിംഗ് | 700 |
| 8 | കോട്ടയം ജില്ലയിലെ വൈക്കം നിയോജകമണ്ഡലത്തിലെ വൈക്കം ഗവൺമെന്റ് ബി.എച്ച്.എസ്.എസ് ൽ കളിസ്ഥലം നിർമ്മാണം | 250 |
| 9 | ഗവൺമെന്റ് വൈക്കം വെസ്റ്റ് വി.എച്ച്.എസ്.എസ് കളി സ്ഥലം നിർമ്മാണം | 200 |
| 10 | തെക്കുംകര ഗ്രാമപഞ്ചായത്ത് പുന്നാംപറമ്പ് ഗ്രൗണ്ട് | 100 |
| 11 | അടാട്ട് ഗ്രാമപഞ്ചായത്ത് മൾട്ടിപർപ്പസ് സ്പോർട്സ് | 100 |

| | | |
|---|---|---|
| | ഇൻഡോർ ഹാൾ -ചിറ്റിലപ്പള്ളി ഗ്രൗണ്ട് | |
| 12 | കോലാഴി ഗ്രാമപഞ്ചായത്ത് കക്കതോപ്പ് ഗ്രൗണ്ട് | 100 |
| 13 | പീച്ചി ഗവൺമെന്റ് എച്ച്.എസ്.എസ് സ്റ്റേഡിയം നിർമ്മാണം | 300 |
| 14 | കൊടുവായൂർ ഗവൺമെന്റ് എച്ച്.എസ്.എസ് കളിസ്ഥലം | 100 |
| 15 | കാവശ്ശേരി ഗ്രാമപഞ്ചായത്ത് കാവശ്ശേരി കെ.സി.പി സ്കൂൾ ഗ്രൗണ്ട് | 100 |
| 16 | പെരുമാട്ടി സ്പോർട്സ് കോംപ്ലക്സും ഇൻഡോർ സ്റ്റേഡിയം - ഫേസ് 1 | |
| 17 | പുതുകോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | 100 |
| 18 | അയിലൂർ റൂറൽ കളിസ്ഥലം | 100 |
| 19 | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മുന്നൂർകോട് എച്ച്.എസ്. ഗ്രൗണ്ട് നവീകരണം | 100 |
| 20 | നെൻമാറ ബി.എച്ച്.എസ് കളിസ്ഥലം | 200 |
| 21 | ചിറ്റൂർ ഗവൺമെന്റ് എച്ച്.എസ്.എസ് സ്റ്റേഡിയം നിർമ്മാണം (രണ്ടാം ഘട്ടം) | 300 |
| 22 | പാലക്കാട് തരൂർ നിയോജമണ്ഡലത്തിലെ തരൂർ ഗ്രാമപഞ്ചായത്തിലെ പഴംപാലക്കോട് എച്ച്.എം.എം.എച്ച്.എസ്.എസ് കളിസ്ഥല വികസനം | 100 |
| 23 | ചേർപ്പുളശ്ശേരി മുനിസിപ്പൽ ഗ്രൗണ്ട് നവീകരണം | 200 |
| 24 | നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിലെ റീട്ടെയിനിംഗ് വാൾ, ഗ്യാലറിയും അനുബന്ധ പ്രവൃത്തികളുടേയും നിർമ്മാണം | 250 |
| 25 | പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ കളിസ്ഥലം നിർമ്മാണം | 200 |
| 26 | വടകര കുനുമ്മകര മണപുറം ഫുട്ബോൾ/വോളീബോൾ കോർട്ട് നിർമ്മാണവും ഗ്രൗണ്ട് നവീകരണവും | 35 |
| 27 | കക്കൂർ ഗ്രാമപഞ്ചായത്തിൽ ആധുനിക സ്റ്റേഡിയം നിർമ്മാണം | 500 |
| 28 | കുന്നുമ്മൽ വോളീബോൾ അക്കാഡമിയിൽ ബിൽഡിംഗ് നിർമ്മാണം | 200 |
| 29 | പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | 200 |
| 30 | മടായി ഗവൺമെന്റ് ബിഎച്ച്എസ്എസ് (പാളയം ഗ്രൗണ്ട്) സ്റ്റേഡിയം നിർമ്മാണം | 150 |
| 31 | ധർമ്മടം നിയോജക മണ്ഡലത്തിൽ 3 കളിസ്ഥലം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ | 100 |
| 32 | ചെറുകുന്ന് ഗവൺമെന്റ് ബിഎച്ച്എസ്എസ് സ്റ്റേഡിയം നിർമ്മാണം | 150 |

| | | |
|---|---|---|
| 33 | തലശ്ശേരി പന്നിയന്നൂർ ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ & ഫിറ്റ്നസ് സെന്റർ നിർമ്മാണം | 300 |
| 34 | ധർമ്മടം നിയോജക മണ്ഡലത്തിൽ 7 കളിസ്ഥലം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ | 300 |
| 35 | തലശ്ശേരി ചൊക്ലി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മാണം | 200 |
| 36 | കാസർഗോഡ് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എൻമകജേ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം | 100 |
| 37 | എറണാകുളം ജില്ലയിലെ പരവൂർ നിയോജകമണ്ഡലത്തിലെ വടക്കൻ പരവൂർ വാർഡ് 21-ലെ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണം | 1000 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 2

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൈപ്പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ലോറിംഗ് പ്രവൃത്തി | 40,86,000/- | 03.07.2023 തീയ്യതിയിൽ M/s.Guess 9 Sports, കോഴിക്കോട് എന്ന സ്ഥാപനവുമായി 31,01,507/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും ഫ്ലോർ കോൺക്രീറ്റിംഗ് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മേപ്പിൾ വുഡ് ഫ്ലോറിംഗ് പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| 2 | പറളിക്കാട് മിണാലൂർ ഗ്രൗണ്ടിന്റെ ബാലൻസ് പ്രവൃത്തികൾ | 1,41,36,000/- | 12.09.2024-ൽ ശ്രീ. ഇ.ബി. ഷിബു, തൃശ്ശൂർ എന്ന കരാറുകാരനുമായി 1,22,82,445/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും 23.09.2024 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| 3 | വടക്കാഞ്ചേരി ജി. ബി.എച്ച്.എസ്.എസ് ഗ്രൗണ്ട് (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 1,00,00,000/- | 27.07.2024 തീയ്യതിയിൽ ശ്രീ. അബൂബക്കർ. ടി.എ, തൃശ്ശൂർ എന്ന കരാറുകാരനുമായി 75,92,508/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 3

| നം | പദ്ധതിയുടെ പേര് | അടങ്കൽ തുക ലക്ഷത്തിൽ (2024 - 25 ബഡ്ജറ്റ്) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | തെക്കുംകര ഗ്രാമപഞ്ചായത്ത്, പുന്നംപറമ്പ് ഗ്രൗണ്ട് | 100 | ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് പ്രതിനിധികളുമായി 23.08.2024 തീയതിയിൽ സ്ഥല സന്ദർശനം നടത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കുള്ള നടപടി ഉടൻ തന്നെ സ്വീകരിക്കുന്നതാണ്. |
| 2 | മൾട്ടിപർപ്പസ് ഇൻഡോർ ഹാൾ - അടാട്ട് ഗ്രാമപഞ്ചായത്ത് ചിറ്റിലപ്പള്ളി ഗ്രൗണ്ട് | 100 | ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് പ്രതിനിധികളുമായി 23.08.2024 തീയതിയിൽ സ്ഥല സന്ദർശനം നടത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| | കോലാഴി ഗ്രാമപഞ്ചായത്ത് കാക്കത്തോപ്പ് ഗ്രൗണ്ട് | 100 | |

**സെക്ഷൻ ഓഫീസർ**